**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3606** **05-08-2021 - ൽ മറുപടിയ്ക്ക്**

**ദേലമ്പാടി പഞ്ചായത്തിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്തിൽ എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കാസറഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്തിൽ 7287 വൈദ്യുതി ഉപഭോ ക്താക്കൾ ഉണ്ട്. |
| (ബി) | നിലവിൽ ഈ പഞ്ചായത്തിലെ ദേലമ്പാടി, അഡൂർ വില്ലേജുകളിൽ വൈദ്യുതി സംബന്ധമായ തകരാർ സംഭവിച്ചാൽ കെ. എസ്. ഇ. ബി. യുടെ ഏത് സെക്ഷൻ ഓഫീസിൽ നിന്നാണ് ജീവനക്കാർ വരേണ്ടതെന്നും ഇതിനായി എത്ര ദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ടെന്നും വിശദമാക്കാമോ; | (ബി) | ദേലമ്പാടി പഞ്ചായത്തിലെ 95% പ്രദേശങ്ങളും മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷന് കീഴിലും 5% പ്രദേശങ്ങൾ കുറ്റിക്കോൽ ഇലക്ട്രിക്കൽ സെക്ഷന് കീഴിലുമാണ് സ്ഥിതി ചെയ്യുന്നത്. മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഏകദേശം 35 കി.മി. ദൂരത്തിൽ ദേലമ്പാടി പഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു. |
| (സി) | വന്യമൃഗ ശല്യം, നിലവിലുള്ള കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസിൽ നിന്നും എത്തിച്ചേരാനുള്ള ദൂരം, വനപ്രദേശത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായത്ത് എന്നിവ പരിഗണിച്ച് ദേലമ്പാടി പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ദേലമ്പാടി പഞ്ചായത്തിലെ അഡൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴി ക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊ ള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ